നം. WCD-E1/14298/2020

വനിതാ ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി - 29/12/2020

വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും

സർ,

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - കേരളാ പി.എസ്.സി യുടെ നിയമന പരിശോധന - തുളസി സേഫ്റ്റ്വെയറിലെ മോഡ്യൂൾ നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന :- കേരള പി.എസ്. സി. സെക്രട്ടറിയുടെ 04/11/2020 ലെ AA & VWI(1)/185180/19/GW നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള പി.എസ്.സി. യുടെ തുളസി സേഫ്റ്റ്വെയറിലെ മോഡ്യൂൾ മുഖേന ജീവനക്കാരുടെ നിയമന പരിശോധന നടത്തുന്നതിനായി കേരള പി.എസ്.സി. സൂചന പ്രകാരം നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശം പൂർണ്ണമായും നടപ്പാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ, പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ കീഴ്കാര്യാലയ മേധാവികളുടെയും അറിവിലേക്ക് ഇതോടൊപ്പം നൽകുന്നു. നിയമന പരിശോധനക്ക് വേണ്ടി ജീവനക്കാരുടെ രേഖകൾ അയക്കുന്ന വേളയിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി

Administrative Officer
Directorate of Women and
Child Development Department
Thiruvananthapuram Pin- 695001

ഉള്ളടക്കം

സൂചന കത്ത്

"ഭരണഭാഷ - മാതൃഭാഷ"

Website : www.keralapsc.gov.in
E-mail : kpsc.psc@kerala.gov.in

Phone : 0471-2546414

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: AA&VW I(1)185180/19/GW

014298

തിരുവനന്തപുരം
04.11.2020

പ്രേഷിതൻ

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം

സ്വീകർത്താവ്

The Director,
Directorate of Women & Child Development Department,
Poojappura.
Thiruvananthapuram.

സർ,

വിഷയം :- നിയമന പരിശോധന - തുളസി സോഫ്റ്റ്‌വെയറിലെ മൊഡ്യൂൾ - നടപ്പാക്കുന്നത് - സംബന്ധിച്ച്

സൂചന:- (1) 14.12.2010 തീയതിയിലെ സ.ഉ.(പി) 41/2010/ ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(2) 06.06.2011 തീയതിയിലെ സ.ഉ.(പി) 15/2011/ ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(3) 30.06.2011 തീയതിയിലെ സ.ഉ.(പി) നമ്പർ 20/2011/ ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(4) 08.07.2019 തീയതിയിലെ G.O.(Ms) No.133/2019/GAD നമ്പർ സർക്കാർ ഉത്തരവ്.

(5) 11.06.2020 തീയതിയിലെ സ.ഉ.(കൈ) നമ്പർ 7/2020/ ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്

(6) 28.09.2020 തീയതിയിലെ കമ്മീഷന്റെ തീരുമാനം

*****

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഡിപ്പാർട്ടുമെന്റ് രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഇതിനകം നിയമന പരിശോധന പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥരും, പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ

അവർ ജോലിയിൽ പ്രവേശിച്ച് ഒരു മാസത്തിനകവും അവരുടെ പി.എസ്.സി വൺടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ ആധാർ ലിങ്ക് ചെയ്യേണ്ടതാണെന്നും ഇക്കാര്യം ബന്ധപ്പെട്ട നിയമനാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകികൊണ്ട് സൂചന (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

നിയമന പരിശോധനയ്ക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ തുളസി സോഫ്റ്റ് വെയറിന്റെ മോഡ്യൂൾ നടപ്പാക്കുന്നതിനായി 01.10.2020 തീയതി മുതൽ ലഭിക്കുന്ന തപാലുകൾ സോഫ്റ്റ് വെയറിലൂടെ ഡാറ്റാ എൻട്രി ചെയ്ത് നടപ്പാക്കണമെന്ന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. സോഫ്റ്റ് വെയർ മുഖേന നിയമന പരിശോധന നടത്തുന്നതിനുവേണ്ടി നിയമന പരിശോധനയ്ക്കായി രേഖകൾ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. വൺടൈം രജിസ്ട്രേഷൻ പ്രൊഫൈൽ വഴി അപേക്ഷ സമർപ്പിച്ച് ജോലിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥർക്ക് മാത്രമാണ് തുളസി സോഫ്റ്റ് വെയറിലൂടെ നിയമന പരിശോധന നടത്തുന്നത്. തിരിച്ചറിയൽ പത്രിക (Identification Certificate) ഉള്ള അപേക്ഷകൾ നിലവിലെ രീതിയിൽ മാനുവൽ ആയി മാത്രമേ നടത്തുവാൻ സാധിക്കൂ. ആയതിനാൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉള്ള അപേക്ഷകളും തിരിച്ചറിയൽ പത്രികയുള്ള അപേക്ഷകളും പ്രത്യേകം പ്രത്യേകം കത്തുകളായി അയച്ചുതരേണ്ടതാണ്.

2. സോഫ്റ്റ് വെയർ ഉപയോഗിച്ച് നിയമന പരിശോധനയ്ക്ക് വിധേയരാകുന്ന **ഉദ്യോഗസ്ഥർ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന് നൽകുന്ന ഫീസ് (210 രൂപ) അവരവരുടെ One Time Registration Profile – ലെ Service verification link ലെ e-payment – സംവിധാനത്തിലൂടെ മാത്രം ഒടുക്കേണ്ടതാണെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഇക്കൂട്ടർ manual chalan/ e-chalan ലൂടെ ഒടുക്കുന്ന ഫീസ് സ്വീകരിക്കുന്നതല്ല.**

3. സൂചന (5) സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന പ്രകാരം ഉദ്യോഗസ്ഥരോട് അവരവരുടെ പി.എസ്.സി വൺ ടൈം രജിസ്ട്രേഷൻ പ്രൊഫലിൽ ആധാർ ലിങ്ക് ചെയ്യാൻ നിർദ്ദേശം നൽകേണ്ടതാണ്.

4. നിയമന പരിശോധനയ്ക്കായി രേഖകൾ അയയ്ക്കുമ്പോൾ നിയമന ശിപാർശാ തീയതി (Date of Advice) ക്രമത്തിൽ അയയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉള്ള അപേക്ഷകൾ അയയ്ക്കുമ്പോൾ അസ്സൽ OTV സർട്ടിഫിക്കറ്റിന്റെ ഭാഗം രണ്ട് പൂരിപ്പിച്ച് നിയമനാധികാരിയോ നിയമനാധികാരിയുടെ

ചുമതലയുള്ള ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തി ടി ഉദ്യോഗസ്ഥന്റെ പേര്, ഡെസിഗ്നേഷൻ സീൽ, ഓഫീസ് സീൽ എന്നിവ പതിച്ച് അയച്ചു തരേണ്ടതാണ്. ഇത്തരം ന്യൂനതകൾ ഉള്ളതും അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്ത അപേക്ഷകളും വെരിഫിക്കേഷന് പരിഗണിക്കുന്നതല്ല.

മേൽപ്പരാമർശിച്ച നിർദ്ദേശങ്ങൾ നിയമന പരിശോധയ്ക്കായി സേവന രേഖകൾ അയയ്ക്കുമ്പോൾ പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡോളി എസ്
അഡീഷണൽ സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മീഷൻ
സെക്രട്ടറിക്കുവേണ്ടി